ബാലവേല നിരോധിക്കേണ്ടതിന്റെ ആവശ്യം സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ

55 (4110) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി ജെ. അരുന്ധതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലവേല നിരോധിക്കേണ്ടതിന്റെ ആവശ്യം സംബന്ധിച്ച് ബോധ വൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ ;

(ബി) ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തി മാതാപിതാ ക്കൾക്കൊപ്പം തിരികെ അയയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ബാലവേല നിരോധന നിയമം ലംഘിച്ച എത്ര കേസ്സുകൾ കഴിഞ്ഞവർഷം കണ്ടെത്തി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ബാലവേലയുടെ തിൻമകളെക്കുറിച്ചും, ബാലതൊഴിലാളി കളെ ജോലിക്ക് നിയോഗിച്ചാൽ ലഭിക്കാവുന്ന ശിക്ഷയെ സംബന്ധിച്ചും പൊതുജന ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്. ഇതിനായി തൊഴിൽ വകുപ്പ് വിവിധ സർക്കാർ വകുപ്പുകൾ, ഗവൺമെന്റിതര ഏജൻസികൾ, റസിഡന്റ്സ് അസോസിയേഷൻ, വ്യാപാരി-വ്യവസായി സംഘടനകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. ബാലവേല കുറ്റകരമാണ് എന്ന് കാണിക്കുന്ന സ്റ്റിക്കറുകൾ, ബാനറുകൾ തുടങ്ങിയവ ജനബാഹുല്യമുള്ള സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും ഇത് സംബന്ധിച്ച സ്ലൈഡുകൾ സിനിമാ തിയേറ്ററു കളിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ പ്രക്ഷേപണ മാദ്ധ്യമങ്ങളായ ആകാശവാണി, അനന്തപുരി എഫ്.എം തുടങ്ങിയ സ്റ്റേഷനു കളിലൂടേയും ബാലവേല കുറ്റകരമാണ് എന്ന സന്ദേശം നൽകുന്നുണ്ട്.

(ബി) അപകടകരമായ തൊഴിലിൽ ഏർപ്പെട്ടതായി സംസ്ഥാനത്ത് കണ്ടെത്തിയ കുട്ടികളെല്ലാം അന്യ സംസ്ഥാനക്കാരായിരുന്നു. ഇവരെ ഇവരുടെ മാതാപിതാക്കളുടെ ആവശ്യപ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടേയും ചൈൽഡ് ലൈനിന്റേയും സഹായത്തോടുകൂടി അവരുടെ സ്വദേശത്തേക്ക് തിരികെ അയച്ചിട്ടുണ്ട്. ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തി മാതാപിതാക്കൾക്കൊപ്പം തിരികെ അയയ്ക്കുന്നതിന് നിയമ തടസ്സമില്ല.

(സി) 2009-10 വർഷത്തിൽ നടത്തിയ 1761 പരിശോധനകളിൽ നിയമ ലംഘനം കണ്ടെത്തിയ 3 കേസുകളിൽ ബന്ധപ്പെട്ട തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly